# കള്ള് ചെത്ത് ഒരു സമരമുറ

പിടിച്ചുനിൽക്കാനുള്ള വഴികളൊക്കെ നഷ്ടപ്പെട്ട കർഷകൻ അവസാനം പ്രതിരോധത്തിന്റെ പാതയിലാണ്. ബാങ്കുകൾ ഉപരോധിച്ചും, കുത്തകകൾക്കെതിരെ പോരാടിയും സ്വന്തം ഉൽപ്പന്നങ്ങൾ സ്വയം മാർക്കറ്റ് ചെയ്തും വയനാടിൽ ഇത് തെങ്ങ്ചെത്ത് സമരം കൂടിയാണ്. അതിജീവനത്തിനുള്ള അവസാനത്തെ ശ്രമം.



ഫാർമേഴ്സ് റിലീഫ് ഫോറമാണ് വയനാട്ടിൽ കള്ള് ചെത്തി വിൽപ്പന നടത്തി സമരം ചെയ്യുന്നത്. ഇന്നീ സമരം കേരളമൊട്ടാകെ വ്യാപിച്ചിരിക്കുന്നു.

തെങ്ങിന്റെ സമ്പൂർണ്ണാവകാശം കർഷകന് എന്നാവശ്യപ്പെട്ടാണ് ഫാർമേഴ്സ് റിലീഫ് ഫോറം സമര രംഗത്തിറങ്ങിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഡിസംബർ 17 മുതൽ നടവയലിൽ വെച്ച് 9 കർഷകർ കള്ള് ചെത്തി സമരം ആരംഭിച്ചു. ഫാർമേഴ്സ് റിലീഫ് ഫോറം ചെയർമാനായ എ. സി. വർക്കിയെ സർക്കാർ ഇതുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലയച്ചിരിക്കുകയാണ്. സമരം ശക്തമായതോടെ ഇൻഫാമും 14 സംഘടനകളുടെ സംയുക്ത വേദിയായ പാംകോയും റിലീഫ് ഫോറത്തിനൊപ്പം സമരരംഗത്തിറങ്ങിക്കഴിഞ്ഞു. നടവയലിൽനിന്ന് സമരം ജില്ലയുടെ എല്ലാ ഭാഗങ്ങളിലേക്കും സമീപ ജില്ലകളിലേക്കും വ്യാപിക്കുകയും ചെയ്തു. രാഷ്ട്രീയത്തിനും മതത്തിനും അതീതമായ ഈ കാർഷിക ശക്തി രാഷ്ട്രീയകക്ഷികൾക്കും ഗവർമെന്റിനും തലവേദനയായിത്തുടങ്ങിയിട്ടുണ്ട്.

റിലീഫ് ഫോറത്തിന്റെ സംസ്ഥാന ചെയർമാനായ എ. സി. വർക്കിയുടെ അറസ്റ്റോടെ വ്യാപകമായ കള്ള് വിൽപ്പന ഗവർമെന്റിന് പ്രയാസങ്ങൾ സൃഷ്ടിച്ചുതുടങ്ങിയിട്ടുണ്ട്. കർഷകർക്കെതിരെ കർശന നടപടികളെടുക്കാൻ സർക്കാരിന് കഴിയാത്ത സാഹചര്യത്തിൽ മധ്യസ്ഥതയ്ക്കുള്ള ശ്രമങ്ങളും ഉണ്ടാകുന്നുണ്ട്. കർഷകർ ചെത്താനുദ്ദേശിക്കുന്ന തെങ്ങുകൾക്ക് നികുതി മുൻകൂട്ടി ഈടാക്കി ലൈസൻസ് നൽകുക എന്നതാണ് ഇതിലൊന്ന്. ഇങ്ങനെയായാൽ സർക്കാരിലേക്ക് വൻ തുക ലഭിക്കുകയും അബ്കാരികളെ ഒഴിവാക്കുകയും ചെയ്യാം. പക്ഷെ അബ്കാരി ലോബിയും, എസ്. എൻ. ഡി. പി. പോലുള്ള സംഘടനകളും ഈ നീക്കത്തിനെതിരെ ശക്തമായി രംഗത്തുണ്ട്. യു. ഡി. എഫ്. ലെ ഒരു വിഭാഗവും ഇവർക്കൊപ്പമുണ്ട്.

## ഈ സമരം നിലനിൽപ്പിന് : എ. സി. വർക്കി

കോഴിക്കോട് : ഫാർമേഴ്സ് റിലീഫ് ഫോറത്തിന്റെ നേതൃത്വത്തിൽ നീര (മധുരക്കള്ള്) വിറ്റുകൊണ്ട് കർഷകർ നടത്തുന്ന സമരം നിലനിൽപ്പിനുവേണ്ടിയുള്ളതാണെന്ന് റിലീഫ് ഫോറം ചെയർമാൻ എ. സി. വർക്കി മാധ്യമ പ്രവർത്തകരോട് പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പോലീസ് സെല്ലിൽ കസ്റ്റഡിയിൽ കഴിയുകയാണ് ഹൃദ്രോഗ ബാധിതൻ കൂടിയായ വർക്കി.

നടവയലിൽ കള്ള് ചെത്തി സമരത്തിന് തുടക്കം കുറിച്ചതിനാണ് അബ്കാരി ആക്ട് 55 (1) പ്രകാരം വർക്കിയെ അറസ്റ്റ് ചെയ്തത്. "കൈ മറിയുന്ന കോടികൾ നഷ്ടപ്പെടുമോ എന്ന ഭയമാണ് തന്നെയും സ്പിരിറ്റ് രാജാവ് മണിച്ചനേയും ഒരു പോലെ കാണുന്നത്. കർഷകരെ ഉൾപ്പെടുത്തി കള്ള് സഹകരണ സംഘങ്ങൾ ഉണ്ടാകുന്നത് വരെ സമരം തുടരും. സമരത്തിന് നേരെ സർക്കാർ പുറം തിരിഞ്ഞ് നിൽക്കുകയാണെങ്കിൽ സമാന്തര കള്ളുഷാപ്പുകൾ തുടങ്ങും. കേരളത്തിലെ കള്ള് വിപണന മേഖലയിൽ നിന്ന് രാഷ്ട്രീയ നേതാക്കളുടേയും ഭരണ കർത്താക്കളുടേയും ഉദ്യോഗസ്ഥൻമാരുടേയും പോക്കറ്റിലേക്ക് ഒഴുകുന്നത് ലക്ഷങ്ങളാണ്. ഇത് കൊണ്ടുതന്നെയാണ് കർഷകരെ സ്വന്തം പുരയിടത്തിൽനിന്നും കള്ള് ചെത്തിയെടുക്കാൻ അനുവദിക്കണമെന്ന ആവശ്യത്തെ സർക്കാർ ശക്തമായി എതിർക്കുന്നത്.

കാർഷികോൽപ്പന്ന വിലയിടിവും ജപ്തികളും തകർത്ത കർഷകന് അൽപ്പമെങ്കിലും പിടിവള്ളിയാകുന്നതാണ് നീര വിപണനം. അതിനെ എതിർത്താൽ ശക്തമായ സമര മുറകൾ തന്നെ നേരിടേണ്ടി വരും. വർക്കി പറഞ്ഞു.